ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: മദ്യനിരോധനം അടുത്തകാലത്തു എക്സൈറ്റ് ചെയ്യാൻ ആലോചനയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി. വി. ഇയ്യു: മദ്യം സേവിക്കുന്നവരുടെ അഭിപ്രായംകൂടി അറിയാൻ ശ്രമിക്കുമോ? (ഉത്തരം ഇല്ല)

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സംസ്ഥാനത്തു എതു ശതമാനം ഭൂമികൂടി മദ്യം ഉപയോഗിക്കുന്ന എന്നുള്ളതിലേക്കു വല്ല കണക്കും എടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കണക്കെടുത്തിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മദ്യനിരോധനം പരിപൂർണ്ണമായി നടപ്പിൽ വരുത്തണമെന്നു ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: സംസ്ഥാനമൊട്ടുക്കു പരിപൂർണ്ണമായി നടപ്പിൽ വരുത്തണമെന്നാണു് ഉദ്ദേശം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതിലേക്കു വല്ല പദ്ധതിയും ഗവണ്മെണ്ടു് തയാറാക്കിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിലേക്കു് പ്രത്യേകം ഒരു പദ്ധതി ഇതുവരെ ഉണ്ടാക്കിയിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽ കണയന്നൂർ താലൂക്കിൽ സമീപകാലത്തുതന്നെ മദ്യനിരോധനം നടപ്പിലാക്കുവാൻ ഭയമുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: നടപ്പിലാക്കുന്നതിനെപ്പറ്റി ഞാൻ മുമ്പു് പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ: മദ്യനിരോധനം സംബന്ധിച്ചു സംസ്ഥാനത്തുള്ള സ്ത്രീജനങ്ങൾക്കു് പ്രതികൂലാഭിപ്രായമാണോ അതോ അനുകൂലാഭിപ്രായമാണോ ഉള്ളതു്?

ശ്രീ. എൻ കുഞ്ഞുരാമൻ: സ്ത്രീകൾക്കു് അനുകൂലാഭിപ്രായക്കാരാണെന്നാണു് ഗവണ്മെണ്ടു് ധരിച്ചിരിക്കുന്നതു്.

PROCESSIONS

*577. [24] **Sri. A. L. Jacob**: Will the Hon'ble the Chief Minister be pleased to state.—

(*a*) whether there is any prohibition regarding taking out of processions in Trichur, Mattancheri and Ernakulam;

(*b*) if so, from what date;

(*c*) is there any time limit fixed for this notification; and

(*d*) if not, why?

Chief Minister **(Sri. T. K. Narayana Pillai)**:

(*a*) Yes.

(*b*) 20th February 1949.

(*c*) No.

(*d*) As it was not possible at that time to forecast how long the circumstances that necessitated the ban will continue. But that order has been subsequently cancelled.

LIBRARY ARCHIVES Kerala Legislative Assembly